| 14-08-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങളുടെ അനാദിയായ സംബന്ധം സഹോദര-സഹോദരരുടേതാണ്, നിങ്ങൾ സാകാരത്തിൽ സഹോദരീ-സഹോദരങ്ങളാണ് അതിനാൽ നിങ്ങളിൽ വികാരീദൃഷ്ടിയുണ്ടാവുക സാദ്ധ്യമല്ല.**

**ചോദ്യം-** വിജയീ അഷ്ടരത്നമാകുന്നത് ആരാണ്? അവരുടെ മൂല്യം എന്താണ്?
**ഉത്തരം-** ആരുടെയാണോ മനസിൽ വികാരീ ചിന്ത ഇല്ലാത്തത്, പൂർണ്ണമായും നിർവികാരി ദൃഷ്ടിയുള്ളത്, അവരാണ് അഷ്ട രത്നമായി മാറുന്നത് അതായത് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുന്നത്. അവർക്ക് ഇത്രയും മൂല്യമുണ്ട്, ആരിലെങ്കിലും ഗ്രഹപ്പിഴ വരുകയാണെങ്കിൽ അഷ്ട രത്നങ്ങൾ പതിച്ച മോതിരം അണിയിക്കുന്നു. ഇതിലൂടെ ഗ്രഹപ്പിഴ ഇല്ലാതാകും എന്നു കരുതുന്നു. അഷ്ട രത്നങ്ങളായി മാറുന്നവർ ദൂരാദേശീ(ദീർഘവീക്ഷകർ) ബുദ്ധിയുള്ളവരായതിനാൽ സഹോദര-സഹോദരങ്ങളാണ് എന്ന സ്മൃതിയിൽ സദാ നിലനിൽക്കും.

**ഓംശാന്തി**. ആത്മീയ കുട്ടികൾക്ക് അറിയാം. അവരുടെ പേര് എന്താണ്? ബ്രാഹ്മണർ. ബ്രഹ്മാകുമാരന്മാരും കുമാരിമാരും ഒരുപാടുണ്ട്. ഇതിലൂടെ സിദ്ധമാകുന്നു ഇവർ ദത്തെടുക്കപ്പെട്ട കുട്ടികളാണ് എന്തെന്നാൽ ഒരൊറ്റ അച്ഛന്റെ മക്കളാണ്. എങ്കിൽ തീർച്ചയായും ദത്തെടുക്കപ്പെട്ടവരാണ്. നിങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരിമാരും തന്നെയാണ് ദത്തെടുക്കപ്പെട്ട കുട്ടികൾ. വളരെ അധികം കുട്ടികളുണ്ട്. ഒന്ന് പ്രജാപിതാ ബ്രഹ്മാവിന്റെ, പിന്നെ പരമപിതാ പരമാത്മാ ശിവബാബയുടെ, എങ്കിൽ തീർച്ചയായും അവർക്ക് പരസ്പരം ബന്ധമുണ്ടാകും എന്തെന്നാൽ ശിവബാബയുടേത് ആത്മീയ സന്താനങ്ങളും ബ്രഹ്മാബാബയുടേത് അലൗകിക സന്താനങ്ങളുമാണ്. ശിവബാബയുടേതാണെങ്കിൽ സഹോദരന്മാരാണ്. പ്രജാപിതാ ബ്രഹ്മാവിന്റേതാണെങ്കിൽ സാകാരത്തിൽ സഹോദരീ സഹോദരങ്ങളാണ്. സഹോദരീ സഹോദരങ്ങൾ തമ്മിൽ വികാരി ബന്ധം ഉണ്ടാകില്ല. നിങ്ങളെക്കുറിച്ചും ശബ്ദം ഉയരുന്നുണ്ടല്ലോ ഇവർ എല്ലാവരേയും സഹോദരീ സഹോദരങ്ങളാക്കി മാറ്റുന്നുവെന്ന്, ഇതിലൂടെ ശുദ്ധമായ സംബന്ധം ഉണ്ടാകും. ക്രിമിനൽ ദൃഷ്ടിയുണ്ടാകില്ല. കേവലം ഈ ജന്മത്തിൽ മാത്രം ഈ ദൃഷ്ടി ഉണ്ടാകുന്നതിലൂടെ ഇനി ഭാവിയിൽ ഒരിയ്ക്കലും ക്രിമിനൽ ദൃഷ്ടി ഉണ്ടാകില്ല. ഇതിനർത്ഥം അവിടെ സഹോദരീ സഹോദരൻ എന്ന് മനസ്സിലാക്കും എന്നല്ല. അവിടെ എങ്ങനെയാണോ മഹാരാജാവും മഹാറാണിയും ഉള്ളത് അതുപോലെത്തന്നെയായിരിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ പുരുഷോത്തമ സംഗമയുഗത്തിലാണ് മാത്രമല്ല നമ്മൾ എല്ലാവരും സഹോദരീ സഹോദരങ്ങളാണ്. പ്രജാപിതാ ബ്രഹ്മാവ് എന്ന പേരുണ്ടല്ലോ. പ്രജാപിതാ ബ്രഹ്മാവ് എപ്പോഴാണ് ഉണ്ടായിരുന്നത്- ഇത് ലോകത്തിലുള്ളവർക്ക് അറിയില്ല. നിങ്ങൾ ഇവിടെ ഇരിക്കുകയാണ്, അറിയാം നമ്മൾ പുരുഷോത്തമ സംഗമയുഗീ ബീ. കെ യാണ്. ഇപ്പോൾ ഇതിനെ ധർമ്മം എന്ന് പറയില്ല, ഇവിടെ കുലത്തിന്റെ സ്ഥാപന നടക്കുകയാണ്. നിങ്ങൾ ബ്രാഹ്മണ കുലത്തിലേതാണ്. നിങ്ങൾക്ക് പറയാൻ കഴിയും ഞങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരികളും തീർച്ചയായും ഒരേയൊരു പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. ഇത് പുതിയ കാര്യമല്ലേ. നിങ്ങൾക്ക് പറയാൻ കഴിയും ഞങ്ങൾ ബി.കെയാണെന്ന്. വാസ്തവത്തിൽ നമ്മൾ എല്ലാവരും സഹോദരങ്ങളാണ്. ഒരച്ഛന്റെ മക്കളാണ്. ബാബയുടെ കാര്യത്തിൽ ദത്തെടുക്കപ്പെട്ടത് എന്ന് പറയില്ല. നമ്മൾ ആത്മാക്കൾ അനാദിയായി ബാബയുടെ കുട്ടികളാണ്. പരമപിതാ പരമാത്മാവ് സുപ്രീം സോളാണ്. ബാക്കി ആരെയും സുപ്രീം എന്നു വിളിക്കില്ല. സമ്പൂർണ്ണ പവിത്രമായവരെയാണ് സുപ്രീം എന്നു പറയുന്നത്. എല്ലാവരിലും പവിത്രതയുണ്ട് എന്ന് പറയില്ല. പവിത്രത നമ്മൾ പഠിക്കുന്നത് സംഗമത്തിലാണ്. നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലെ നിവാസികളാണ്. കലിയുഗീ നിവാസി, സത്യയുഗീ നിവാസി എന്നെല്ലാം പറയാറില്ലേ അതുപോലെ. സത്യയുഗത്തേയും കലിയുഗത്തേയും നന്നായി അറിയാം. അഥവാ ദൂരാദേശീ ബുദ്ധിയാണെങ്കിൽ അറിയാൻ സാധിക്കും. കലിയുഗത്തിനും സത്യയുഗത്തിനും ഇടയിലുള്ള സമയത്തെ സംഗമയുഗം എന്നു പറയുന്നു. ശാസ്ത്രങ്ങളിൽ പിന്നീട് യുഗേ- യുഗേ എന്ന് പറഞ്ഞിരിക്കുന്നു. ബാബ പറയുന്നു ഞാൻ യുഗങ്ങൾ തോറും വരുന്നില്ല. നമ്മൾ പുരുഷോത്തമ സംഗമയുഗീ ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാണ് എന്നത് നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം. നമ്മൾ സത്യയുഗത്തിലുമല്ല, കലിയുഗത്തിലുമല്ല. സംഗമത്തിനുശേഷം തീർച്ചയായും സത്യയുഗം വരണം.

നിങ്ങൾ ഇപ്പോൾ സത്യയുഗത്തിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. പവിത്രതയില്ലാതെ അവിടേയ്ക്ക് ആർക്കും പോകാൻ സാധിക്കില്ല. ഈ സമയത്ത് നിങ്ങൾ പവിത്രമാകുന്നതിനുള്ള പുരുഷാർത്ഥികളാണ്. എല്ലാവരും പവിത്രമല്ല. ചിലർ പതിതമായും ഉണ്ട്. മുന്നോട്ട് പോകവേ വീണുപോ

കുന്നു, പിന്നീട് ഒളിച്ചുവന്ന് അമൃത് കുടിക്കുന്നു. വാസ്തവത്തിൽ ആരാണോ അമൃത് ഉപേക്ഷിച്ച് വിഷം കുടിക്കുന്നത് അവരെ കുറച്ച് സമയത്തേയ്ക്ക് വരാൻ അനുവദിക്കില്ല. പക്ഷേ ഇങ്ങനെയും പാട്ടുണ്ട്– അമൃത് വിതരണം ചെയ്തപ്പോൾ വികാരികളായ അസുരന്മാർ ഒളിഞ്ഞ് വന്ന് ഇരുന്നു. പറയാറുണ്ട് ഇന്ദ്ര സഭയിൽ ഇങ്ങനെയുള്ള അപവിത്രമായവർ വന്ന് ഇരുന്നാൽ അവർക്ക് ശാപം ലഭിക്കും. ഒരു കഥയും പറയുന്നുണ്ട് ഒരു മാലാഖ ഒരു വികാരിയെ കൊണ്ടുവന്നു, പിന്നീട് അവരുടെ അവസ്ഥ എന്തായി? വികാരി തീർച്ചയായും വീണുപോകും. ഇത് ബുദ്ധിയുടെ കാര്യമാണ്. വികാരിയ്ക്ക് കയറാൻ കഴിയില്ല. അവർ കല്ലായി മാറി എന്ന് പറയാറുണ്ട്. ഇപ്പോൾ മനുഷ്യൻ കല്ലാവും അല്ലെങ്കിൽ മരമായി മാറും എന്നല്ല. കല്ലു ബുദ്ധിയായി മാറിയിരിക്കുന്നു. ഇവിടേയ്ക്ക് വരുന്നത് പവിഴബുദ്ധിയായി മാറാനാണ് എന്നാൽ ഒളിപ്പിച്ച് വിഷം കുടിക്കുകയാണെങ്കിൽ കല്ലുബുദ്ധിയായിത്തന്നെ ഇരിക്കും എന്നത് തെളിയുന്നു. ഇത് മുന്നിൽ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് എന്നാൽ ശാസ്ത്രങ്ങളിൽ വെറുതേ കഥകൾ എഴുതിവെച്ചിരിക്കുന്നു. ഇന്ദ്രസഭ എന്നു പേരുവെച്ചിട്ടുണ്ട്. ഇവിടെ പുഷ്യരാഗപരി പോലുള്ള പലവിധമായ മാലാഖകളെ കാണിച്ചിരിക്കുന്നു. രത്നങ്ങളും നമ്പർവൈസ് ആയിരിക്കുമല്ലോ. ചിലത് വളരെ നല്ല രത്നം, ചിലത് കുറഞ്ഞത്. ചിലതിന്റെ മൂല്യം വളരെ കൂടുതലായിരിക്കും, ചിലതിന്റേത് കുറവായിരിക്കും. 9 രത്നങ്ങളുടെ മോതിരവും ഒരുപാട് ഉണ്ടാക്കുന്നുണ്ട്. പരസ്യം നൽകാറുണ്ട്. പേര് രത്നം എന്നുതന്നെയാണ്. ഇവിടെ ഇരിക്കുന്നുണ്ടല്ലോ. പക്ഷേ അതിലും പറയും ഇത് വജ്രമാണ്, ഇത് മരതകമാണ്, ഇത് മാണിക്യമാണ്, പുഷ്യരാഗവും ഇരിക്കുന്നുണ്ട്. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. അവയുടെ മൂല്യങ്ങളിൽ വളരെ വലിയ വ്യത്യാസമുണ്ട്. ബ്രാഹ്മണിമാർ വഴികാട്ടികളായി മാറി വരുന്നു, അവർ വളരെ നല്ല പുഷ്പങ്ങളായിരിക്കും. ചിലപ്പോൾ മനസ്സിലാക്കിക്കൊടുക്കുന്നതിലും ചെയ്യുന്നതിലും വിദ്യാർത്ഥികൾ അതിലും തീവ്രതയുള്ളവരായിരിക്കും. ബാബ ബ്രാഹ്മണിയ്ക്ക് പുഷ്പം നൽകുന്നതിനു പകരം അവർക്ക് നൽകും. പഠിപ്പിക്കുന്നവരേക്കാൾ കൂടുതൽ നല്ല ഗുണങ്ങൾ അവരിൽ ഉണ്ടായിരിക്കും. ഒരു വികാരവും ഉണ്ടാകില്ല. ചിലരിൽ അവഗുണം ഉണ്ടാകും– ക്രോധത്തിന്റെ ഭൂതം, ലോപത്തിന്റെ ഭൂതം...... അതിനാൽ ബാബയ്ക്ക് അറിയാം ഇവർ പ്രിയപ്പെട്ട വഴികാട്ടിയാണ്, ഇവർ രണ്ടാമത്തെ നമ്പറിലാണ് എന്ന്. വഴികാട്ടികൾ കൂട്ടിക്കൊണ്ടുവരുന്ന ജിജ്ഞാസുക്കൾ എത്രത്തോളം പ്രിയപ്പെട്ടവരാണോ അത്രത്തോളം പ്രിയപ്പെട്ടവരായിരിക്കില്ല ചില വഴികാട്ടികൾ. ഇങ്ങനെയും സംഭവിക്കാറുണ്ട്– പഠിപ്പിക്കുന്നവർ മായയുടെ വലയിൽപ്പെട്ട് വികാരത്തിലേയ്ക്ക് പോകുന്നു. ഇങ്ങനെയാണ്, വളരെ അധികംപേരെ ചെളിക്കുണ്ടിൽ നിന്നും രക്ഷിക്കുന്നു എന്നിട്ട് സ്വയം കുടുങ്ങി മരിക്കുന്നു. മായ വളരെ സമർത്ഥശാലിയാണ്. വികാരീ ദൃഷ്ടി വളരെ അധികം നഷ്ടം ഉണ്ടാക്കിവെയ്ക്കും എന്നത് കുട്ടികളും മനസ്സിലാക്കുന്നുണ്ട്. ഏതുവരെ ക്രിമിനൽ ദൃഷ്ടിയാണോ അതുവരെ സഹോദരീ സഹോദരനാണ് എന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളത് അനുസരിച്ച് പോലും മുന്നോട്ട് പോകാൻ കഴിയില്ല. നിർവികാരി ദൃഷ്ടി മാറി ക്രിമിനൽ ദൃഷ്ടിയാകുന്നു. എപ്പോഴാണോ ക്രിമിനൽ ദൃഷ്ടി ഇല്ലാതായി പക്കയായ നിർവ്വികാരി ദൃഷ്ടിയുണ്ടാകുന്നത് അതിനെയാണ് കർമ്മാതീത അവസ്ഥ എന്നു പറയുന്നത്. ഇത്രയും പരിശോധന തന്നിൽ നടത്തണം. ഒരുമിച്ച് ഇരുന്നുകൊണ്ടും വികാരത്തിന്റെ ദൃഷ്ടി ഉണ്ടാകരുത്. ഇവിടെ നിങ്ങൾ സഹോദരീ സഹോദരനാവുകയാണ്, ജ്ഞാനമാകുന്ന വാൾ നടുവിലുണ്ട്. നമുക്ക് പവിത്രമായിരിക്കുന്നതിനുള്ള പക്കാ പ്രതിജ്ഞ ചെയ്യണം. പക്ഷേ എഴുതാറുണ്ട് ബാബാ പരിശ്രമിക്കുന്നുണ്ട്, ആ അവസ്ഥ അതുപോലെ പക്കയായിട്ടില്ല. പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്– ഇങ്ങനെയും ആവരുത്. പൂർണ്ണമായും സിവിൽ ദൃഷ്ടി എപ്പോൾ ഉണ്ടാകുന്നുവോ അപ്പോഴേ വിജയം നേടാൻ സാധിക്കൂ. ഒരു വികാരിയായ സങ്കല്പവും വരരുത് ഇങ്ങനെയുള്ള അവസ്ഥ വേണം, ഇതിനെത്തന്നെയാണ് കർമ്മാതീത അവസ്ഥ എന്നു പറയുന്നത്. ലക്ഷ്യമുണ്ട്.

എത്ര അത്ഭുതകരമായ മാലയാണ് ഉണ്ടാകുന്നത്. 8 രത്നങ്ങളുടെ മാലയും ഉണ്ട്. കുട്ടികൾ അനവധിയുണ്ട്. സൂര്യവംശീ ചന്ദ്രവംശീ പരമ്പരകൾ ഇവിടെയാണ് സ്ഥാപിതമാകുന്നത്. അവർ എല്ലാറ്റിലും കൂടി ഫുൾ പാസായി സ്കോളർഷിപ്പ് എടുക്കുന്നവർ 8 പേരാണുള്ളത്. പിന്നെ അവരെ രത്നമാക്കി മാറ്റുന്നയാളായ ശിവബാബയെ വജ്രമായി നടുവിൽ വെയ്ക്കുന്നു, ബാബയാണ് ഇങ്ങനെയുള്ള രത്നമാക്കി മാറ്റിയത്. ഗ്രഹപ്പിഴ ഉണ്ടാകുമ്പോഴും 8 രത്നങ്ങൾ പതിച്ച മോതിരം അണിയുന്നു. ഈ സമയത്ത് ഭാരതത്തിന് രാഹുവിന്റെ ഗ്രഹപ്പിഴ ബാധിച്ചിട്ടുണ്ട്. ആദ്യം ഉണ്ടായിരുന്നത് വൃക്ഷപതി അഥവാ ബൃഹസ്പതിയുടെ ദശയായിരുന്നു. നിങ്ങൾ സത്യയുഗീ ദേവതകളായിരുന്നു, സ്വർഗ്ഗത്തിൽ രാജ്യം ഭരിക്കുകയായിരുന്നു. പിന്നീടാണ് രാഹുവിന്റെ ദശ വന്നത്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമുക്കുമേൽ ബൃഹസ്പതിയുടെ ദശയുണ്ടായിരുന്നു, പേര് വൃക്ഷപതി എന്നാണ്. ചുരുക്കി ബൃഹസ്പതി എന്നു പറയുന്നു. നമ്മൾ വിശ്വത്തിന്റെ അധികാരിയായിരുന്നപ്പോൾ നമുക്ക് ബൃഹസ്പതി ദശയായിരുന്നു, ഇപ്പോഴാണെങ്കിൽ രാഹുവിന്റെ ദശയാണുള്ളത്, അതിനാലാണ് നമ്മൾ കക്കയ്ക്കുതുല്യമായി മാറിയത്. ഇത് ഓരോരുത്തർക്കും മനസ്സിലാക്കാൻ സാധിക്കും. ചോദിക്കേണ്ട കാര്യം പോലുമില്ല. ഞാൻ ഈ പരീക്ഷയിൽ വിജയിക്കുമോ?

എന്ന് ഗുരുക്കന്മാരോട് ചോദിക്കാറുണ്ട് ഇവിടെയും ബാബയോട് ചോദിക്കുന്നു– ഞങ്ങൾ വിജയിക്കുമോ? പറയുന്നു അഥവാ ഇങ്ങനെയുള്ള പുരുഷാർത്ഥവുമായി മുന്നോട്ട് പോവുകയാണെങ്കിൽ എന്തുകൊണ്ട് പാസായിക്കൂട. പക്ഷേ മായ വളരെ ശക്തിശാലിയാണ്. കൊടുങ്കാറ്റിലേയ്ക്ക് കൊണ്ടുവരും. ഇപ്പോൾ കുഴപ്പമില്ല, പക്ഷേ മുന്നോട്ട് പോകവേ വളരെ അധികം കൊടുങ്കാറ്റ് വന്നാലോ? ഇപ്പോൾ നിങ്ങൾ യുദ്ധത്തിന്റെ മൈതാനത്തിലാണ്, പിന്നെ എങ്ങനെ നമുക്ക് ഗ്യാരന്റി നൽകാൻ കഴിയും? മുമ്പ് മാല ഉണ്ടാക്കിയിരുന്നു, ആരെയാണോ 2 ഉം–3 ഉം സ്ഥാനങ്ങളിൽ വെച്ചത് അവർ ഇപ്പോൾ ഇല്ല. തീർത്തും മുള്ളായി മാറിയിരിക്കുന്നു. അതിനാൽ ബാബ പറയുകയാണ്– ബ്രാഹ്മണരുടെ മാലയുണ്ടാവുക സാധ്യമല്ല. യുദ്ധത്തിന്റെ മൈതാനമല്ലേ. ഇന്നത്തെ ബ്രാഹ്മണൻ നാളെ ശൂദ്രനായി മാറും, വികാരത്തിലേയ്ക്ക് പോയി അർത്ഥം ശൂദ്രനായി മാറി. രാഹുവിന്റെ ദശവന്നു. ബൃഹസ്പതി ദശയ്ക്കായാണ് പുരുഷാർത്ഥം ചെയ്യുന്നത്, വൃക്ഷപതി പഠിപ്പിച്ചിരുന്നു. മുന്നോട്ട് പോകവേ മായയുടെ അടികൊണ്ടു, പിന്നീട് രാഹുവിന്റെ ദശ വന്നു. രാജ്യദ്രോഹിയായി മാറി. ഇങ്ങനെ എല്ലായിടത്തും സംഭവിക്കുന്നുണ്ട്. ഒരു രാജധാനിയിൽ നിന്നും പോയി അടുത്തതിൽ ചെന്ന് ശരണം പ്രാപിക്കും. പിന്നെ അവരും നോക്കും ഈ ആൾ നമ്മുടെ കാര്യത്തിന് ഉതകും എന്നു തോന്നിയാൽ അവർ ശരണം നൽകും. ഇങ്ങനെ അധികം പേർ രാജ്യദ്രോഹിയായി മാറി വിമാനത്തോടൊപ്പം അടുത്ത രാജ്യത്തിൽ ചെന്നിരിക്കും. പിന്നീട് അവർ വിമാനം തിരിച്ച് അയയ്ക്കും, വന്നവർക്ക് ശരണം നൽകും. വിമാനത്തിന് ശരണം നൽകില്ലല്ലോ, അത് അവരുടെ വസ്തുവല്ലേ. അവരുടെ വസ്തുക്കൾ അവർക്ക് തിരിച്ച് നൽകുന്നു. ബാക്കി മനുഷ്യർ മനുഷ്യന് ശരണം നൽകുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾ അച്ഛന്റെ ശരണത്തിലേയ്ക്ക് വന്നു. ഞങ്ങളുടെ മാനം രക്ഷിക്കൂ എന്ന് പറയുന്നു. ഞങ്ങളെ നഗ്നമാക്കുന്നു, പതിതമാക്കുന്നതിൽ നിന്നും രക്ഷിക്കൂ എന്ന് പറഞ്ഞ് ദ്രൗപദി വിളിച്ചിരുന്നു. സത്യയുഗത്തിൽ ഒരിയ്ക്കലും നഗ്നമാകില്ല. അവരെ സമ്പൂർണ്ണ നിർവ്വികാരി എന്നാണ് വിളിക്കുന്നത്. ചെറിയ കുട്ടികൾ നിർവ്വികാരികളായിരിക്കും. ഇവിടെ ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ട് സമ്പൂർണ്ണ നിർവ്വികാരിയാകുന്നു. പതി– പത്നി ഒരുമിച്ചാണ് ഇരിക്കുന്നത് എങ്കിലും നിർവ്വികാരിയായി കഴിയുന്നു, അതിനാലാണ് പറയുന്നത് നമ്മൾ നരനിൽ നിന്നും നാരായണനും നാരിയിൽ നിന്നും ലക്ഷ്മിയുമാവുകയാണ്. അത് നിർവ്വികാരീ ലോകമാണ്, അവിടെ രാവണൻ ഉണ്ടാകില്ല. അതിനെ രാമരാജ്യം എന്നാണ് പറയുന്നത്. രാമൻ എന്ന് ശിവ ബാബയേയാണ് പറയുന്നത്. രാമനാമം ജപിക്കുന്നതിന്റെ അർത്ഥം തന്നെ ബാബയെ ഓർമ്മിക്കുക എന്നതാണ്. രാമ രാമാ എന്ന് ജപിക്കുമ്പോൾ ബുദ്ധിയിൽ നിരാകാരന്റെ ഓർമ്മയാണ് വരുക. രാമരാമാ എന്ന് വിളിക്കുന്നു, സീതയെ വിളിക്കുന്നില്ല. അതുപോലെ കൃഷ്ണനെ വിളിക്കുന്നുണ്ട്, രാധയെ വിളിക്കുന്നില്ല. ഇവിടെ ബാബ ഒരാളേയുള്ളു, ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. കൃഷ്ണനെ പതിതപാവനൻ എന്ന് വിളിക്കില്ല. ചെറുപ്പത്തിൽ രാധയും കൃഷ്ണനും സഹോദരീ സഹോദരനുമായിരുന്നില്ല. വ്യത്യസ്ത രാജധാനികളിലേതാണ്. കുട്ടികളായിരിക്കേ ശുദ്ധമായിരിക്കും. ബാബയും പറയുന്നു– കുട്ടികളേ നിങ്ങൾ പുഷ്പങ്ങളാണ്, അതിൽ വികാരത്തിന്റെ ദൃഷ്ടി ഉണ്ടാകില്ല. എപ്പോഴാണോ വലുതാകുന്നത് അപ്പോഴാണ് ദൃഷ്ടി പോകുന്നത് അതിനാലാണ് ബാലകനും മഹാത്മാവും സമാനമാണ് എന്ന് പറയുന്നത്. പക്ഷേ ചെറിയ കുട്ടി മഹാത്മാവിനേക്കാൾ ശ്രേഷ്ഠമാണ്. മഹാത്മാവിന് പിന്നെയും അറിവുണ്ടാകും ഞാൻ ഭ്രഷ്ടാചാരത്തിലൂടെ ജന്മമെടുത്തതാണ് എന്നത്. ചെറിയ കുട്ടികൾക്ക് ഇത് പോലും അറിയില്ല. കുട്ടി അച്ഛന്റേതായി മാറിയെങ്കിൽ സമ്പത്തുണ്ട്. നിങ്ങൾ വിശ്വത്തിന്റെ രാജധാനിയുടെ അധികാരിയായി മാറുകയാണ്. നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു എന്നത് ഇന്നലത്തെ കാര്യമാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും ആവുകയാണ്. ഇത്രയും പ്രാപ്തിയുണ്ടാവുകയാണ്. എങ്കിൽ പതി–പത്നിയ്ക്ക് സഹോദരിയും സഹോദരനുമാണെന്ന് മനസ്സിലാക്കി പവിത്രമായി ജീവിക്കുന്നത് വലിയ കാര്യമാണോ. കുറച്ച് പരിശ്രമവും വേണമല്ലോ. അതെ, നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് എല്ലാവരും ബൃഹസ്പതി ദശയിലേയ്ക്ക് പോകും. സ്വർഗ്ഗത്തിലേയ്ക്ക് പോകും പിന്നീട് പഠിപ്പിലൂടെ ചിലർ ഉയർന്ന പദവി നേടുന്നു, ചിലർ മദ്ധ്യമം, ചിലർ പുഷ്പമായി മാറും, ചിലർ മറ്റെന്തെങ്കിലും. പൂന്തോട്ടമല്ലേ. പിന്നീട് പദവിയും അതുപോലെ എടുക്കും. ഇങ്ങനെയുള്ള പുഷ്പമായി മാറാൻ വളരെ അധികം പുരുഷാർത്ഥം ചെയ്യണം. അതിനാലാണ് ബാബ കുട്ടികളെ കാണിക്കാൻ പൂക്കൾ കൊണ്ടുവരുന്നത്. പൂന്തോട്ടത്തിൽ അനേക പ്രകാരത്തിലുള്ള പുഷ്പങ്ങൾ ഉണ്ടാകും. സത്യയുഗമാണ് പൂക്കളുടെ പൂന്തോട്ടം ഇതാണെങ്കിൽ മുള്ളുകളുടെ കാടാണ്. ഇപ്പോൾ നിങ്ങൾ മുള്ളുകളിൽ നിന്നും പുഷ്പങ്ങളായി മാറാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. പരസ്പരം മുള്ളുകൊണ്ട് കുത്തിനോവിക്കുന്നതിൽ നിന്നും മോചിതരാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു, ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം വിജയിക്കും. പ്രധാനകാര്യമിതാണ് കാമത്തിനുമേൽ വിജയം നേടുന്നതിലൂടെ നിങ്ങൾ ജഗദ്ജീത്തായി മാറും. ഇത് കുട്ടികളെ ആശ്രയിച്ചാണ്. യുവാക്കൾക്ക് വളരെ അധികം പരിശ്രമം ചെയ്യേണ്ടതായി വരുന്നു, വൃദ്ധർക്ക് കുറവും, വാനപ്രസ്ഥ അവസ്ഥയിലുള്ളവർക്ക് അതിലും കുറവ്. ചെറിയ കുട്ടികൾക്ക് വളരെ കുറവ് പരിശ്രമം മതി.

നിങ്ങൾക്ക് അറിയാം നമുക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവിയാകുന്ന സമ്പത്ത് ലഭിക്കുകയാണ്, അതിനായി ഒരു ജന്മം പവിത്രമായിരിക്കുന്നതിൽ എന്താണ് നഷ്ടം. ബാലബ്രഹ്മചാരി എന്നു പറയാറുണ്ട്. അവർ അന്തിമം വരെ പവിത്രമായിരിക്കും. ആരാണോ പവിത്രമായി മാറിയത് അവർക്ക് ബാബയുടെ ആകർഷണം ഉണ്ടാകും, കുട്ടികൾക്ക് ചെറുപ്പത്തിലേ ജ്ഞാനം ലഭിക്കുകയാണെങ്കിൽ രക്ഷപ്പെടും. ചെറിയ കുട്ടികൾ അറിവില്ലാത്തവരായിരിക്കും പക്ഷേ പുറത്ത് സ്ക്കൂളിലേയ്ക്കെല്ലാം പോകുമ്പോൾ മോശമായ സംഗത്തിന്റെ നിറം പകരുന്നു. സത്സംഗം ഉയർത്തും, കുസംഗം താഴ്ത്തും. ബാബ പറയുന്നു ഞാൻ നിങ്ങളെ അക്കരെ ശിവാലയത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. സത്യയുഗം തീർത്തും പുതിയ ലോകമാണ്. വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ, പിന്നീട് വൃദ്ധിയുണ്ടാകുന്നു. അവിടെ വളരെ കുറച്ച് ദേവതകളേ ഉണ്ടാകൂ. അതിനാൽ പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1). ബാബയ്ക്ക് പ്രിയപ്പെട്ടവരായി മാറുന്നതിനായി ഗുണവാനായി മാറണം. നല്ല നല്ല ഗുണങ്ങൾ ധാരണ ചെയ്ത് പുഷ്പമായി മാറണം. അവഗുണങ്ങളെ ഇല്ലാതാക്കണം. ആരെയും മുള്ളായി കുത്തിനോവിക്കരുത്.

2). ഫുൾപ്പാസ് ആകുന്നതിന് അഥവാ സ്കോളർഷിപ്പ് നേടുന്നതിനുവേണ്ടി ഒന്നും തന്നെ ഓർമ്മവരാത്ത, പൂർണ്ണമായും സിവിൽ ദൃഷ്ടിയുള്ള (നിർവികാരി) അവസ്ഥ ഉണ്ടാക്കിയെടുക്കണം. സദാ വൃക്ഷപതിയുടെ ദശ നിലനിൽക്കണം.

## വരദാനം - ബ്രാഹ്മണ ജീവിതത്തിൽ സർവ്വ ഖജനാക്കളെയും സഫലമാക്കി സദാ പ്രാപ്തി സമ്പന്നരായി മാറുന്ന സന്തുഷ്ടമണിയായി ഭവിയ്ക്കട്ടെ.

ബ്രാഹ്മണ ജീവിതത്തിൽ എറ്റവും വസുതിലും വലിയ ഖജനാവാണ് സന്തുഷ്ടമായിരിക്കുക എന്നുള്ളത്. എവിടെ സർവ്വ പ്രാപ്തികളുമുണ്ടോ അവിടെ സന്തുഷ്ടതയുണ്ട്, എവിടെ സന്തുഷ്ടതയുണ്ടോ അവിടെ സർവ്വതുമുണ്ട്. ആരാണോ സന്തുഷ്ടതയുടെ രത്നം അവർ സർവ്വ പ്രാപ്തി സ്വരൂപമാണ്. അവരുടെ ഗീതമാണ് നേടേണ്ടതെല്ലാം നേടി കഴിഞ്ഞു, ഇനി നേടാനൊന്നും ബാക്കിയില്ല.... ഇങ്ങനെ സർവ്വ പ്രാപ്തി സമ്പന്നമാകുന്നതിനുള്ള വിധിയാണ്, ലഭിച്ച സർവ്വ ഖജനാക്കളെയും ഉപയോഗിക്കുക. എന്തുകൊണ്ടെന്നാൽ എത്രത്തോളം സഫലമാക്കുന്നുവോ അത്രയും ഖജനാക്കൾ വർദ്ധിക്കുന്നു.

## സ്ലോഗൻ - ആരാണോ അവഗുണങ്ങളാകുന്ന കല്ലുകളെയല്ലാതെ നല്ല ഗുണങ്ങളാകുന്ന മുത്തുകൾ കൊത്തിടെയുക്കുന്നത് - അവരാണ് ഹോളിഹംസം